"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കാസർഗോഡ് ജില്ലയിൽ ഹൊസ്ദുർഗ്ഗ് താലൂക്കിൽ പേരോൽ വില്ലേജിൽ സർവെ 182/3എ-യിൽപ്പെട്ട 0.0561 ഹെക്ടർ, 182/3ബി-യിൽപ്പെട്ട 0.2955 ഹെക്ടർ ഉൾപ്പെടെ 0.3516 ഹെക്ടർ ഭൂമി അങ്കക്കളരി വേട്ടക്കൊരുമകൻ പാടാർക്കുളങ്ങര ഭഗവതി ക്ഷേത്രം വികസന സമിതിക്കു പാട്ടത്തിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**റവന്യൂ (എം) വകുപ്പ്**

സ.ഉ.(കൈ) നം.149/2026/RD തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-

1. കാസർഗോഡ് ജില്ലാ കളക്ടറുടെ 10.3.2022, 20.07.2023 തീയതികളിലെ DCKSGD/8622/2020-C6 നമ്പർ കത്തുകൾ
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 28.03.2025ലെ LR/11864/2022-LR(J10) നമ്പർ കത്ത്

**ഉത്തരവ്**

കാസർഗോഡ് ജില്ലയിൽ ഹൊസ്ദുർഗ്ഗ് താലൂക്കിൽ പേരോൽ വില്ലേജിൽ സർവെ 182/3എ-യിൽപ്പെട്ട 0.0561 ഹെക്ടർ, 182/3ബി-യിൽപ്പെട്ട 0.2955 ഹെക്ടർ ഉൾപ്പെടെ 0.3516 ഹെക്ടർ ഭൂമി അങ്കക്കളരി വേട്ടക്കൊരുമകൻ പാടാർക്കുളങ്ങര ഭഗവതി ക്ഷേത്രം വികസന സമിതിക്കു പാട്ടത്തിന് അനുവദിക്കുന്നതിനായി പരാമർശം(1) പ്രകാരം കാസർഗോഡ് ജില്ലാകളക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരാമർശം (2) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2) അപേക്ഷാഭൂമി മുൻസിപ്പൽ പരിധിയിൽപെട്ടതും വില്ലേജ് റിക്കാർഡ് പ്രകാരം AW ലാൻഡുമാണ് എന്നും ടി ഭൂമി ക്ഷേത്രോത്സവ സമയത്ത് അന്നദാനം നടത്തുന്നതിനും മറ്റ് ഉത്സവാവശ്യങ്ങൾക്കും അനിവാര്യമാണെന്നും സബ് കളക്ടറുടെ അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞിട്ടുള്ളതായും ടി ഭൂമി പ്രധാന റോഡിൽ നിന്നും മാറി സ്ഥിതി ചെയ്യുന്നതായും അതിരുകൾ സ്ഥാപിച്ച് അതിർത്തി നിർണ്ണയിച്ചിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലൊക്കേഷൻ സ്കെച്ച് പ്രകാരം അപേക്ഷയ്ക്കാസ്പദമായ വസ്തുക്കൾ ക്ഷേത്രത്തിനോട് ചേർന്ന് സ്ഥിതി ചെയ്യുന്നതല്ല. ക്ഷേത്ര വികസന സമിതി സെക്രട്ടറി നൽകിയിട്ടുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം പ്രസ്തുത ഭൂമി വർഷം തോറും 2 കളിയാട്ടങ്ങളും, പൂരമഹോത്സവും മറ്റ് അനുഷ്ഠാനചടങ്ങുകളും നടത്തുന്നതിന് ഉപയോഗിച്ച് വരുന്നതാണ്. അപേക്ഷയ്ക്കാസ്പദമായ ഭൂമി കെട്ടിട നിർമ്മാണത്തിന് സാധ്യമാണെന്നും പാറ പൊട്ടിക്കേണ്ട ആവശ്യമില്ലാത്തതിനാൽ മറ്റ് പാരിസ്ഥിതിക പ്രശ്നങ്ങൾ ഒന്നുമില്ലെന്നും പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി ഭൂമിക്ക് ഒരു ആറിന് 18,480/- രൂപ ന്യായവിലയും 36960/- രൂപ കമ്പോളവിലയും നിശ്ചയിക്കാവുന്നതാണെന്നും അപ്രകാരം 0.3516 ഹെക്ടർ ഭൂമിയുടെ

കമ്പോളവില 12,99,514/- രൂപയാണെന്നും ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

3) വർഷത്തിൽ രണ്ട് തവണ കളിയാട്ടങ്ങളും, പൂരമഹോത്സവും മറ്റ് അനുഷ്ഠാനചടങ്ങുകളും നടത്തുന്നതിനും, ക്ഷേത്രകാര്യങ്ങൾക്കായി ടി വസ്തുവിൽ ഒരു കെട്ടിടം പണിയുന്നതിനുമാണ് പാട്ടത്തിന് ആവശ്യപ്പെട്ടിരിക്കുന്നത് എന്നതിനാൽ Land leased to institutions for cultural activities including press clubs എന്ന കാറ്റഗറി പ്രകാരം കമ്പോളവിലയുടെ 2.5% നിരക്കിൽ 0.3516 ഹെക്ടർ ഭൂമിക്ക് 32,448/-രൂപ വാർഷിക പാട്ടം നിശ്ചയിക്കാവുന്നതാണ് എന്നും ജി.ഒ.(പി)നം.44/2018/ധന തീയതി 17/03/2018, ജി.ഒ.(പി)നം.28/2019/ധന തീയതി 08/03/2019 പ്രകാരമുള്ള വർദ്ധനവുകൾ ചേർത്ത് ₹ 35,820/- രൂപ വാർഷിക പാട്ടം ഈടാക്കി ടി ഭൂമി ക്ഷേത്രം വികസന സമിതിക്ക് പാട്ടത്തിന് അനുവദിക്കാവുന്നതാണെന്നും ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ലയിൽ ഹൊസ്ദുർഗ്ഗ് താലൂക്കിൽ പേരോൽ വില്ലേജിൽ സർവെ 182/3എ-യിൽപ്പെട്ട 0.0561 ഹെക്ടർ, 182/3ബി-യിൽപ്പെട്ട 0.2955 ഹെക്ടർ ഉൾപ്പെടെ 0.3516 ഹെക്ടർ ഭൂമി അങ്കക്കളരി വേട്ടക്കൊരുമകൻ പാടാർക്കുളങ്ങര ഭഗവതി ക്ഷേത്രം വികസന സമിതിക്ക്, വർഷത്തിൽ രണ്ട് തവണ കളിയാട്ടങ്ങളും, പൂരമഹോത്സവും മറ്റ് അനുഷ്ഠാനചടങ്ങുകളും നടത്തുന്നതിനും, ക്ഷേത്രകാര്യങ്ങൾക്കായി ടി വസ്തുവിൽ ഒരു കെട്ടിടം പണിയുന്നതിനുമായി കമ്പോളവിലയുടെ 2.5% നിരക്കിൽ ₹32,488/- രൂപ വാർഷികപാട്ടം ഈടാക്കി (ജി.ഒ.(പി) 44/2018/ധന തീയതി 17/03/2018, ജി.ഒ.(പി)നം.28/2019/ധന തീയതി 08/03/2019 പ്രകാരമുള്ള വർദ്ധനവുകൾ ഒഴിവാക്കി), ഓരോ മൂന്ന് വർഷം തോറും നിലവിലുള്ള കമ്പോള വിലക്കനുസൃതമായി പാട്ടം പുതുക്കേണ്ടതാണെന്ന നിബന്ധനയോടും, പാട്ടഭൂമി സർക്കാരിൽ പുനർനിക്ഷിപ്തമാകുന്ന വേളയിൽ ആയതിൽ ക്ഷേത്രം വികസന സമിതി ഏർപ്പെടുത്തിയിട്ടുള്ള ചമയങ്ങൾക്കൊന്നും തന്നെ യാതൊരു വിധ നഷ്ടപരിഹാരത്തിനും അർഹതയുണ്ടായിരിക്കുന്നതല്ലായെന്ന കർശന നിബന്ധനയോടെയും താഴെപ്പറയുന്ന പാട്ട വ്യവസ്ഥകൾക്ക് വിധേയമായും 10 വർഷത്തേക്ക് പാട്ടത്തിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ;

ii) ഭൂമി ഏതെങ്കിലും ധനകാര്യസ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ,
അന്യാധീനപ്പെടുത്തുവാനോ, പാടുള്ളതല്ല;

iii) ഭൂമി ഉപപാട്ടത്തിന്/തറവാടകയ്ക്ക് നൽകുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല;

iv) ഭൂമി എല്ലാതരത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും അങ്കക്കളരി വേട്ടക്കൊരുമകൻ പാടാർക്കുളങ്ങര ഭഗവതി ക്ഷേത്രം വികസന സമിതി തന്നെ സംരക്ഷിച്ചു നിർത്തേണ്ടതാണ്;

v) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളു. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്.

vi) ഓരോ മൂന്ന് വർഷം തോറും പാട്ടം പുതുക്കേണ്ടതാണ്.

vii) പാട്ടത്തുക എല്ലാ സാമ്പത്തികവർഷത്തിന്റെയും ആദ്യമൂന്നു മാസത്തിനുള്ളിൽതന്നെ ഒടുക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുന്ന പക്ഷം നിശ്ചയിച്ച പാട്ടത്തുകയുടെ 2%-മോ അതിന് മുകളിലോ പിഴ പലിശ ഈടാക്കുന്നതുമാണ്.

viii) പാട്ടവസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൌകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ്.

ix) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്

5) ഇത് സംബന്ധിച്ച നിയമാനുസൃത തുടർനടപടികൾ കാസർഗോഡ് ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത എ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) തിരുവനന്തപുരം
ജില്ലാ കളക്ടർ, കാസർഗോഡ്
തഹസീൽദാർ, ഹോസ്ദുർഗ്ഗ്
വിവര പൊതുജന സമ്പർക്ക (വെബ്& ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Kumari Sindhu S**
**Date: 15-03-2026 12:42:01**
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു.റവന്യൂ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്